"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ്- എറണാകുളം ജില്ലയിലെ നോർത്ത് കോൺവെന്റ് ബീച്ച് പാലം പാലം നിർമ്മാണം- ബാലൻസ് പ്രവ◌ൃത്തിയുമായി ബന്ധപ്പെട്ട ടെണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.164/2026/PWD        തിരുവനന്തപുരം, തീയതി 07-02-2026

---

പരാമർശം:-

1. 04/05/2019 തീയതിയിലെ സ.ഉ(അച്ചടി)നം.54/2019/ഫിൻ.
2. 07.07.2025 തീയതിയിലെ സ.ഉ(സാധാ)നം.1019/2025/PWD.
3. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 13.11.2025 തീയതിയിലെ CEPWD/6514/2022-DB1(NAB)-RD നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ കോൺവെന്റ് ജംങ്ഷനെയും പള്ളിപ്പുറം ബീച്ച് റോഡിനെയും ബന്ധിപ്പിക്കുന്ന കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയിലെ ബ്രിഡ്ജ് പ്രോപ്പർ പ്രവൃത്തി മാത്രം കരാറുകാരന്റെ റിസ്ക് ആൻറ് കോസ്റ്റിൽ റദ്ദാക്കുന്നതിനും, ബ്രിഡ്ജ് പ്രോപ്പറിന്റെ ശേഷിക്കുന്ന പ്രവൃത്തി റീ അറേഞ്ച് ചെയ്യുന്നതിനും, ഭൂമി ഏറ്റെടുത്തതിനു ശേഷം അപ്പ്രോച്ച് റോഡിന്റെയും, റീറ്റെയ്നിങ് വാളിന്റെയും പ്രവൃത്തി റീ അറേഞ്ച് ചെയ്യുന്നതിനുമുള്ള അനുമതി നൽകി പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു.

2) കോൺവെന്റ് ബീച്ച് പാലത്തിന്റെ ബാലൻസ് പ്രവൃത്തിയ്ക്കായി 4,04,99,016./- രൂപയുടെ എസ്റ്റിമേറ്റ് (Estimate PAC as per Dsor 2014-Vat regime) തയ്യാറാക്കി പ്രവൃത്തി

ടെണ്ടർ ചെയ്തിരുന്നെങ്കിലും ആദ്യ ടെണ്ടറിൽ ഒരു ബിഡ് മാത്രം ലഭിച്ചതിനാൽ പ്രവൃത്തി റീടെണ്ടർ ചെയ്തുവെന്നും രണ്ടാമത്തെ ടെണ്ടറിൽ ശ്രീ. അലക്സാണ്ടർ സേവിയർ എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത 4,97,72,972.16/- രൂപയുടെ ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചത് എന്നും പരാമർശം (3) ലെ കത്ത് പ്രകാരം പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി.

പ്രസ്തുത ടെണ്ടർ വിശദാംശങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്;

| EPAC (DSoR 2014 under vat regime) | Quoted amount | DSoR 2014+10% | LMR PAC | Percentage difference |
|---|---|---|---|---|
| 4,04,99,016 | 4,97,72,972 | 4,45,48,917 | 4,72,50,754 | Quoted rate is 22% above EPAC<br><br>11.72 %DSOR 2014+10% and 5.33 % above LMR PAC |

3) ശ്രീ. അലക്സാണ്ടർ സേവിയർ എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത 4,97,72,972/- രൂപ DSoR 2014 പ്രകാരമുള്ള EPAC തുകയായ 4,04,99,016/- രൂപയെക്കാൾ 22% വർദ്ധനവ് ഉള്ളതാണെങ്കിലും പുതിയ പ്രവൃത്തിയായി കണക്കാക്കിയാൽ നിലവിലുള്ള DSoR, GST എന്നിവ കൂടി ചേർന്ന് വരുന്ന തുകയെക്കാൾ കുറവാണെന്നും ബാലൻസ് പ്രവൃത്തി ആയതിനാൽ വീണ്ടും ടെണ്ടർ ചെയ്താലും ഇതിലും കുറവായ ടെണ്ടർ ലഭിക്കാനുള്ള സാധ്യത കുറവാണെന്നും അതിനാൽ ശ്രീ. അലക്സാണ്ടർ സേവിയർ ക്വാട്ട് ചെയ്ത 4,97,72,972 രൂപയുടെ (22% above EPAC) ടെണ്ടർ പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി അംഗീകരിക്കണമെന്ന് പരാമർശിത (3) കത്ത് പ്രകാരം പാലങ്ങൾ വിഭാഗം

ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്ത സാഹചര്യങ്ങൾ പരിഗണിച്ച്, എറണാകുളം ജില്ലയിലെ കോൺവെന്റ് ജങ്ഷനെയും പള്ളിപ്പുറം ബീച്ച് റോഡിനെയും ബന്ധിപ്പിക്കുന്ന കോൺവെന്റ് ബീച്ച് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ബാലൻസ് പ്രവൃത്തിയ്ക്കായി ശ്രീ. അലക്സാണ്ടർ സേവിയർ എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത 4,97,72,972/- രൂപയുടെ ടെണ്ടർ (22% above EPAC) അംഗീകരിച്ചുക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

നിത എം

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, പാലങ്ങൾ വിഭാഗം.

ധനകാര്യവകുപ്പ് (3345510/INPWC2/185/2025-FIN , Dated - 28.01.2026)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്&എ&ഇ),കേരള,തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ(വെബ് &ന്യൂ മീഡിയ)ഐ&പി.ആർ.ഡി

കരുതൽ ഫയൽ - D1/619/2025-PWD

ഉത്തരവിൻ പ്രകാരം

Signed by
Rajesh M R
Date: 07-02-2026 16:46:03 സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു,പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പി.എസ് - ന്

പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ സി.എ - യ്ക്ക്